പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1913 04.12.2018-ലെ മറുപടിക്ക്

## കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്ന് നിലവിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും 85 ബസ്സുകൾ ഉപയോഗിച്ച് 79 ഷെഡ്യൂളുകൾ നടത്തി വരുന്നുണ്ട്. |
| (ബി) | 2018 ജൂലൈ 1 ന ശേഷം പ്രസ്തുത ഡിപ്പോയിൽ നിന്നുള്ള എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അതുവഴി സർവ്വീസ് എത്ര കിലോമീറ്റർ കുറച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | വരുമാനം കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും 3 സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുവഴി ഷെഡ്യൂളിൽ 701 കി.മീ. ആകെ കുറവ് വന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും ചെറിയഴീക്കൽ - ആയിരംതെങ്ങ് - ഓച്ചിറ വഴി കായംകുളം റൂട്ടിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും പ്രസ്തുത റൂട്ടിൽ നേരത്തെ എത്ര ബസുകൾ സർവ്വീസ് നടത്തിയിരുന്നുവെന്നും വ്യക്തമാക്കുമോ; | (സി) | 2014-15 കാലഘട്ടത്തിൽ ടി മേഖലയിൽ 3 ഷെഡ്യൂൾ ഉണ്ടായിരുന്നുവെങ്കിലും വരുമാന കുറവ് കാരണം ടി സർവ്വീസുകളുടെ റൂട്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. നിലവിൽ ടി മേഖലയിൽ സ്റ്റേ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ , സൂപ്പർഫാസ്റ്റ് ബസുകളുടെ എണ്ണം വ്യക്തമാക്കുമോ? | (ഡി) | മൂന്ന് സൂപ്പർ ഫാസ്റ്റ് ഷെഡ്യൂളിന് 4 സൂപ്പർ ഫാസ്റ്റ് ബസ്സുകളും 13 ഫാസ്റ്റ് പാസഞ്ചർ ഷെഡ്യൂളുകൾക്ക് 13 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും ഉണ്ട്. |

സെക്ഷൻ ഓഫീസർ